# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1345 08.02.2013ലെ മറുപടിക്ക്

## സപ്ലൈകോ വഴി കുറഞ്ഞ നിരക്കിലുള്ള അരി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ . അജിത് | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) അരിവില നിയന്ത്രിക്കാൻ സപ്ലൈകോവഴി കുറഞ്ഞ നിരക്കിൽ എത്ര കിലോ അരി വീതമാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (എ) പൊതു വിപണിയിൽ അരി വില വർദ്ധിച്ചതു മൂലം പൊതു ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് കഴിവതും ഒഴിവാക്കുന്നതിനുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷൻ 1306 സപ്ലൈകോ ചില്ലറ വിൽപ്പന ശാലകൾ വഴി സബ്സിഡി നിരക്കിൽ താഴെ പറയുന്ന അളവിൽ അരി വിതരണം ചെയ്യുന്നു. |

| ക്രമ നമ്പർ | ഇനം | വില | ഒരു റേഷൻ കാർഡിന് ഒരു മാസം വിതരണം ചെയ്യുന്ന അരിയുടെ അളവ് |
|---|---|---|---|
| 1 | സോർട്ടക്സ് പച്ചരി | 16.00 | എല്ലാ ഇനവും ഉൾപ്പെടെ 20 കി.ഗ്രാം |
| 2 | സോർട്ടക്സ് മട്ടഅരി | 16.00 | |
| 3 | ജയ അരി | 21.00 | |
| 4 | കുറുവ അരി | 19.00 | |

ഇത് കൂടാതെ ഒരു കാർഡിന് പ്രതിമാസം OMSS വഴി പുഴുക്കലരി 19.50 രൂപ നിരക്കിലും പച്ചരി 21 രൂപ നിരക്കിലും 25 കി.ഗ്രാം വരെ വിതരണം ചെയ്യുന്നു.

(ബി) വൈക്കം നിയോജകമണ്ഡല പരിധിയിലുള്ള സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി ഇതുവരെ കുറഞ്ഞ നിരക്കിൽ എത്ര കിലോ അരിവിതരണം നടത്തിയിട്ടുണ്ടെന്നും വിതരണത്തിനായി ഇപ്പോൾ എത്ര ടൺ അരി സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) വൈക്കം നിയോജക മണ്ഡലപരിധിയിലുള്ള വിൽപ്പന ശാലകൾ വഴി ഈ സാമ്പത്തിക വർഷം ഇതുവരെ വിതരണം ചയ്ത അരിയുടെ വിശദാംശങ്ങൾ താഴെ കാണിക്കുന്നു.

| ക്രമ നമ്പർ | ഇനം | വിതരണം ചെയ്തത് (ക്വിന്റൽ) |
|---|---|---|
| 1 | കുറുവ അരി | 184.70 |
| 2 | ജയ അരി | 1600.10 |
| 3 | പച്ചരി | 1147.35 |
| 4 | മട്ടഅരി | 3654.23 |
| 5 | OMSS പച്ചരി | 321.45 |
| 6 | OMSS പുഴുക്കലരി | 310.31 |

ഇപ്പോൾ വിതരണം ചെയ്യുന്നതിലേക്കാവശ്യമായി ഏകദേശം 190 ക്വിന്റൽ അരി സ്റ്റോക്ക് ചെയ്തിട്ടുണ്ട്. സ്റ്റോക്ക് തീരുന്ന മുറയ്ക്ക് വിൽപ്പനയ്ക്കാവശ്യമായ അരി വരുത്തുന്നതാണ്.

(സി) അരിവില നിയന്ത്രിക്കുന്നതിനായി കിലോഗ്രാമിന് 21.50 രൂപ നിരക്കിൽ അരി വിൽപ്പന എന്നു മുതലാണ് വൈക്കം നിയോജകമണ്ഡല പരിധിയിൽ ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) 2012 ഡിസംബർ മുതലാണ് OMSS പ്രകാരം പുഴുക്കലരി 19.50 രൂപയ്ക്കും പച്ചരി 21.00 രൂപയ്ക്കും വിതരണം ചെയ്യാൻ തുടങ്ങിയത്.

(ഡി) സപ്ലൈകോ ഇടപെടലുകൾ വഴി അരിവില നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് അരിയുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് അവശ്യ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു റേഷൻ കാർഡിന് 45 കി.ഗ്രാം അരി വീതം മിതമായ വിലയ്ക്ക് നൽകുന്നതിലൂടെ പൊതു വിപണിയിലെ അരി വില ക്രമാതീതമായി കൂടാതെ ഒരു പരിധി വരെ നിയന്ത്രിച്ചു നിർത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) റേഷൻ കടകൾ വഴി കൂടുതൽ അളവിൽ അരി വിപണിയിലിറക്കി അരിവില നിയന്ത്രിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

(ഇ) കേന്ദ്രസർക്കാർ സംസ്ഥാനത്തിന് 1,32,725 മെ.ടൺ അരിയും 54,211 മെ.ടൺ ഗോതമ്പും ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള അധിക വിഹിതമായി അനുവദിച്ചിരുന്നു. ഇത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Beena

സെക്ഷൻ ഓഫീസർ